## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5019

14.11.2019-ൽ മറുപടിക്ക്

## മത്സ്യഗ്രാമങ്ങളിലുള്ളവർക്ക് പട്ടയ വിതരണം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.എം. മുകേഷ് : | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | കൊല്ലം താലൂക്കിൽ കൊല്ലം വെസ്റ്റ് വില്ലേജിൽ തങ്കശ്ശേരി, വാടി, പള്ളിത്തോട്ടം എന്നീ മത്സ്യ ഗ്രാമങ്ങളിലെ എത്ര പേരുടെ പട്ടയത്തിനുള്ള അപേക്ഷയാണ് പരിഗണനയിലുള്ളത്; വിശദാംശം ലഭ്യമാക്കുമോ; | (എ) (ബി & സി) | ഫിഷറീസ് വകുപ്പിൽ അപേക്ഷയൊന്നും ലഭിച്ചിട്ടില്ല. എന്നാൽ തങ്കശ്ശേരി മത്സ്യബന്ധന തുറമുഖത്തിന്റെ വികസനവുമായി ബന്ധപ്പെട്ട് വാടിയിൽ നിന്നും ദേശീയ പാതയിലേക്കുള്ള റോഡ് വികസനത്തിന്റെ ഭാഗമായി 6 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് ഫിഷറീസ് വകുപ്പിന്റെ കൈവശം കൊല്ലം വെസ്റ്റ് വില്ലേജിൽ ബ്ലോക്ക് നമ്പർ 249 ൽ സർവ്വേ നമ്പർ 46-ൽ പ്പെട്ട 4.99 ആർ സ്ഥലം ഉപയോഗിക്കാവുന്നതാണെന്ന് തീരുമാനിക്കുകയും ടി കുടുംബങ്ങളിൽ പട്ടയമില്ലാത്ത 5 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് ഫിഷറീസ് വകുപ്പിന്റെ അധീനതയിലുള്ള സ്ഥലത്ത് നിന്നും 2 സെന്റ് വീതം സ്ഥലം ഓരോ കുടുംബത്തിനും മുൻസിപ്പൽ കോർപ്പറേഷൻ ഭൂമി പതിച്ച് പട്ടയം നൽകുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത കുടുംബങ്ങൾക്ക് പട്ടയം നൽകാതിരിക്കുന്നതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ; | | |
| (സി) | പ്രസ്തുത കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിനുള്ള അനുകൂല നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ